## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2570** **21/06/2012 -ൽ മറുപടിക്ക്**

## എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റ് തിരുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) എസ്.എസ്.എൽ.സി. ബുക്കിലെ തെറ്റുകൾ തിരുത്തുന്നതിന് നിലവിലുള്ള നടപടിക്രമം വ്യക്തമാക്കുമോ ? | (എ) മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) അപേക്ഷ നൽകി എത്ര ദിവസത്തിനകം തെറ്റ് തിരുത്തി നൽകുമെന്ന് വ്യക്തമാക്കുമോ ? | (ബി) ജനനത്തീയതി തിരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് 6 മാസം വരെയും മറ്റു തിരുത്തലുകൾക്ക് 2 മാസം വരെയും വേണ്ടി വരും. ജനനത്തീയതിയിൽ ക്ലറിക്കൽ തെറ്റുകൾ മൂലമുണ്ടാകുന്ന തിരുത്തലുകൾ 3 മാസത്തിനകം ചെയ്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷാഫാറം തയ്യാറാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ

1. കെ.ഇ.ആർ ചട്ടം 6 ഖണ്ഡിക 3 പ്രകാരം ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായി 15 വർഷത്തിനകം/ സ്കൂൾ വിട്ടതിനു ശേഷം 15 വർഷത്തിനകം സമർപ്പിക്കാവുന്നതാണ്.

2. എന്നാൽ ഈ കാലപരിധിക്കുശേഷം അപേക്ഷ സമർപ്പിക്കുന്നവർ കാലതാമസം മാപ്പാക്കുന്നതിന് സർക്കാരിന്റെ പ്രത്യേക ഉത്തരവ് ഹാജരാക്കേണ്ടതാണ്. ഇതിനായി പൊതുവിദ്യാഭ്യാസ സെക്രട്ടറി, ഗവ. സെക്രട്ടേറിയറ്റ് (അനക്സ്) തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ എസ്.എസ്.എൽ.സി യുടെയും ജനന സർട്ടിഫിക്കറ്റിന്റെയും പകർപ്പ് സഹിതം അപേക്ഷ സമർപ്പിക്കണം.

3. അപേക്ഷകൻ എസ്.എസ്.എൽ.സി വരെ പഠിച്ച എല്ലാ സ്കൂളുകളുടേയും പൂർണ്ണമായ മേൽവിലാസത്തോടെയുള്ള വിശദവിവരം അപേക്ഷയിൽ ചേർക്കേണ്ടതാണ്.

4. 18 വയസ്സ് തികയാത്ത അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷയിൽ രക്ഷിതാവിന്റെ ഒപ്പു കൂടി രേഖപ്പെടുത്തേണ്ടതാണ്.

5. വിദ്യാലയങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ സ്കൂൾ രേഖകളുമായി ഒത്തുനോക്കി പരിശോധിച്ച് ശുപാർശയോടു കൂടി സ്കൂൾ അധികാരി **ജോയിന്റ് കമ്മീഷണർ ഗവ. പരീക്ഷാ കമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന മേൽവിലാസത്തിലോ ബന്ധപ്പെട്ട എഇഒ/ഡിഇഒ എന്നിവർക്കോ അയയ്ക്കേണ്ടതാണ്. പത്താം തരം സർട്ടിഫിക്കറ്റ് ലഭിക്കാത്തവരുടെ അപേക്ഷ ബന്ധപ്പെട്ട ജില്ല/ഉപജില്ല ഓഫീസർക്കാണ് അയയ്ക്കേണ്ടത്.**

6. ജനനത്തീയതി തിരുത്തിയ ഉത്തരവും സർട്ടിഫിക്കറ്റും തപാലിൽ ലഭിക്കുന്നതിന് "25x32" സെ.മീറ്റർ വലിപ്പത്തിലുള്ള 42/- രൂപയുടെ സ്റ്റാമ്പ് പതിച്ച കവർ അപേക്ഷകന്റെ അഡ്രസ്സ് എഴുതി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

   കൂടാതെ "9x24" സെ.മീ. വലിപ്പത്തിലുള്ള 2 കവറുകൾ (27/- രൂപ വീതം സ്റ്റാമ്പ് പതിച്ചത്) കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇവയിൽ ഒരെണ്ണത്തിൽ അപേക്ഷകന്റെ ജനന സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികാരിയുടെ മേൽവിലാസവും മറ്റേതിൽ **ജോയിന്റ് കമ്മീഷണർ**, ഗവ. **പരീക്ഷാകമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12** എന്ന മേൽവിലാസവും എഴുതിയിരിക്കണം.

7. ആരുടെ ജനനത്തീയതിയാണോ തിരുത്തേണ്ടത് അയാൾക്ക് ജോലിയുണ്ടെങ്കിൽ അതിന്റെ വിശദവിവരം അപേക്ഷയിൽ കാണിച്ചിരിക്കണം. ജോലിയില്ലെങ്കിൽ അപേക്ഷയിൽ ഇതിനായുള്ള കോളത്തിൽ (നം. 1, 6) "തൊഴിൽരഹിതൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഈ നിബന്ധന സർക്കാർ/അർദ്ധസർക്കാർ/ സ്വകാര്യമേഖലകളിൽ എന്നിവയിൽ ജോലി ചെയ്യുന്നവർക്കെല്ലാം ഒരുപോലെ ബാധകമാണ്.

8. ജനനത്തീയതി കൊല്ലവർഷത്തിൽ രേഖപ്പെടുത്തി ലഭിച്ചിട്ടുള്ള ജനനസർട്ടിഫിക്കറ്റുകൾ, ജില്ല/ സംസ്ഥാന ലൈബ്രേറിയന്റെ അംഗീകാരത്തോടെ തത്തുല്യമായ ക്രിസ്തുവർഷതീയതിയി ലാക്കിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

9. **അപേക്ഷകൻ അവസാനം പഠിച്ചിരുന്ന സ്കൂളിലെ ഹെഡ്മാസ്റ്റർ മുഖേന ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ താഴെ പറയുന്ന രേഖകൾ ക്രമത്തിൽ തുന്നിച്ചേർത്ത് സമർപ്പിക്കേണ്ടതാണ്.**

i) ശരിയായും കൃത്യമായും പൂരിപ്പിച്ച അപേക്ഷ. (അപേക്ഷാഫോറം www.keralapareekshabhavan.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്)

ii) അപേക്ഷകന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച അസ്സൽ ജനനസർട്ടിഫിക്കറ്റും അതിന്റെ മൂന്ന് പകർപ്പുകളും, (ഏതെങ്കിലും ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതായിരിക്കണം. ജനനസർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തേണ്ടയാളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അവ സ്വീകരിക്കുന്നതല്ല).

iii) അപേക്ഷകന്റെ പേരിൽ 500/- രൂപ ഒടുക്കിയ ചെലാൻ രസീത് (ഹെഡ് ഓഫ് അക്കൗണ്ട് 0202-01-102-92. അപേക്ഷന്റെ പേര്, ഏത് ആവശ്യത്തിന് വേണ്ടിയാണോ ഫീസടയ്ക്കുന്നത് അക്കാര്യവും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 500/- രൂപ ഫീസടയ്ക്കുന്നതിനു പകരം ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കേണ്ടതാണ്).

iv) അപേക്ഷകന്റെ ജനനത്തീയതി തിരുത്തി നൽകേണ്ട യോഗ്യതാ സർട്ടിഫിക്കറ്റ് - അസ്സൽ.

v) വില്ലേജാഫീസിൽ നിന്നുള്ള ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്. (അപേക്ഷകന്റെ പേര് ജനന സർട്ടിഫിക്കറ്റിലേതുപോലെ അല്ല എങ്കിൽ മാത്രം).

vi) എസ്.എസ്.എൽ.സി പരീക്ഷ പാസ്സായി 15 വർഷം കഴിഞ്ഞെങ്കിലോ സ്കൂൾ വിട്ടതിനുശേഷം 15 വർഷം കഴിഞ്ഞെങ്കിലോ അപേക്ഷ സമർപ്പിക്കാൻ വന്ന കാലതാമസം ഒഴിവാക്കി കൊണ്ടുള്ള സർക്കാരിന്റെ ഉത്തരവ് (അസ്സൽ).

vii) സ്റ്റേറ്റ് ലൈബ്രേറിയന്റെ കൺവേർഷൻ സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ മാത്രം)

10. അപേക്ഷ അയയ്ക്കുന്ന കവറിന്റെ പുറത്ത് **"ജനനത്തീയതി തിരുത്താനുള്ള അപേക്ഷ"** ........................................................................................ വിദ്യാഭ്യാസ ജില്ല എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**ജനനത്തീയതി ഒഴികെയുള്ള തിരുത്തലുകൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**
**ചുവടെ പറയുന്ന തിരുത്തലുകൾക്ക് ആവശ്യമായ രേഖകളുടെ വിവരങ്ങൾ**
**(അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്)**

| | | | |
|---|---|---|---|
| i | അപേക്ഷകന്റെ പേര് (ക്ലറിക്കൽ തെറ്റുകൾ മാത്രം) | : | ഒന്നാം ക്ലാസിൽ പ്രവേശനത്തിന് സമർപ്പിച്ച അപേക്ഷ. |
| ii | പിതാവിന്റെ പേര് (ഭാഗികമായ മാറ്റം മാത്രം) | : | 1. അസ്സൽ ജനന സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകൾ.<br>2. വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്. |
| iii | മാതാവിന്റെ പേര്/ജനന സ്ഥലം (സമ്പൂർണ്ണമായ മാറ്റം) | : | അസ്സൽ ജനന സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മൂന്ന് പകർപ്പുകൾ. |
| iv | ജാതി/ജാതിയുടെ വിഭാഗം (ക്ലറിക്കൽ തെറ്റുകൾ മാത്രം) | : | 1. ഒന്നാം ക്ലാസിൽ പ്രവേശനത്തിന് സമർപ്പിച്ച അപേക്ഷ.<br>2. റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. |
| v | മേൽവിലാസം (ക്ലറിക്കൽ തെറ്റുകൾ മാത്രം) | : | വില്ലേജ് ആഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ്. |
| vi | പൗരത്വം (ക്ലറിക്കൽ തെറ്റുകൾ മാത്രം) | : | 1. അസ്സൽ ജനന സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകൾ.<br>2. അസ്സൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്. |